# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3021**     **20..12.2012-ൽ മറുപടിക്ക്**

## സുനാമി പുനരധിവാസ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.എഫ്. തോമസ്,**<br>**ശ്രീ.ടി.യു. കുരുവിള**<br>.... | **ശ്രീ. അടൂർ പ്രകാശ്**<br>**(റവന്യൂവും കയറും വകുപ്പു മന്ത്രി)**<br>.... |
| **(എ)** സുനാമി പുനരധിവാസ പദ്ധതി പൂർത്തീകരിച്ചോ; എങ്കിൽ ഏതെല്ലാം ഏജൻസികൾ ഇതിൽ പങ്കെടുത്തു എന്ന് വ്യക്തമാക്കാമോ; | **(എ)** സുനാമി പുനരധിവാസ പദ്ധതി അവസാന ഘട്ടത്തിലാണ്.<br><br>16 സർക്കാർ വകുപ്പുകൾക്ക് പുറമേ സുനാമി ഭവനനിർമ്മാണ പദ്ധതിയുടെ നോഡൽ **ഏജൻസിയായ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡും** താഴെ ചേർക്കുന്ന 6 സർക്കാർ ഇതര ഏജൻസികളും പദ്ധതി നിർവ്വഹണത്തിൽ പങ്കെടുത്തിരുന്നു.<br><br>• കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ<br>• ക്വയിലോൺ സോഷ്യൽ സർവ്വീസ് സൊസൈറ്റി, കൊല്ലം<br>• ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്,<br>• ആലപ്പുഴ രൂപത, ചാരിറ്റബിൾ ആന്റ് വെൽഫയർ സൊസൈറ്റി, ആലപ്പുഴ.<br>• നിർമ്മിതി കേന്ദ്ര,<br>• സമഗ്രവികാസ് സോഷ്യൽ സർവ്വീസ് സൊസൈറ്റി (സമഗ്ര) |

**(ബി)** പൂർത്തീകരിക്കപ്പെടാത്ത ഏതെങ്കിലും മേഖലകൾ ഉണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**(ബി)** ഉണ്ട്.

**ഭവനനിർമ്മാണ മേഖല**

സുനാമി പുനരധിവാസ പദ്ധതി പ്രകാരം ആകെ 11684 വീടുകൾ ലക്ഷ്യമിട്ടിരുന്നതിൽ 30.11.2012 വരെ 11112 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 442 വീടുകളുടെ പണി വിവിധ ഘട്ടങ്ങളിലാണ്. 130 വീടുകളുടെ പണി കോടതി ഉത്തരവുകൾമൂലം തടസ്സപ്പെട്ടിരിക്കുന്നു. പൂർത്തീകരിക്കുവാനുള്ള വീടുകളുടെ എണ്ണം പട്ടിക തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.

**കുടിവെള്ള പദ്ധതി**

കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്ന 108 കുടിവെള്ള പദ്ധതികളിൽ 107 എണ്ണം പൂർണ്ണത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഒരു പ്രവൃത്തി കണ്ണൂർ ജില്ലയിലെ മാടായി വില്ലേജിലാണ്. റെയിൽവേലൈൻ മുറിച്ചുകടന്ന് പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതിനു നേരിട്ട സാങ്കേതിക തടസങ്ങളാലും പ്രവൃത്തി ഏറ്റെടുക്കുന്നതിന് കരാറുകാർ വിമുഖത കാണിച്ചതിനാലും നീണ്ടുപോയ ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.

**സാമൂഹ്യനീതി വകുപ്പ്**

സുനാമി ബാധിത ജില്ലകളിൽ സാമൂഹ്യ നീതി വകുപ്പു ഡയറക്ടർ വഴി നിർമ്മിക്കാൻ ലക്ഷ്യമിട്ടിരുന്ന 306 അംഗനവാടികളിൽ 17 എണ്ണത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കുവാനുണ്ട്. അവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

**ഡിസാസ്റ്റർ ഷെൽട്ടറുകളുടെ നിർമ്മാണം**

തിരുവനന്തപുരം, കൊല്ലം തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ 13 ഡിസാസ്റ്റർ ഷെൽട്ടറുകളിൽ മലപ്പുറം **ജില്ലയിൽ തിരൂർ** താലൂക്കിലെ **ഉണ്യാൽ, കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി** എന്നിവിടങ്ങളിലേതൊഴിച്ച് **മറ്റുള്ളവ പൂർത്തീകരിച്ചിട്ടുണ്ട്.**

**സ്കൂൾ കെട്ടിടങ്ങൾ :**

സുനാമി ബാധിത ജില്ലകളിലെ 713 സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം പൊതുവിദ്യാഭ്യാസ ഡയറക്ടർ വഴി നടപ്പിലാക്കിയിരുന്നു. 701 എണ്ണം പൂർത്തിയാക്കി. 12 എണ്ണത്തിന്റെ പ്രവൃത്തി പുരോഗമിച്ചു **വരുന്നു.**

(ഒപ്പ്)
**സെക്ഷൻ ഓഫീസർ.**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**